# വൈൽഡ്ലൈഫ് ഡിവിഷൻ, മൂന്നാർ

ആർ - 6029/2024 തിയതി : 09.12.2024

## തൊണ്ടിലേല പരസ്യം

2025 വർഷത്തിൽ മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷനിൽ താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽ ഉൾപ്പെട്ട തൊണ്ടിവകകളും, സ്ക്രാപ്പുകളും അപകട ഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചുനീക്കിയതും ഉൾപ്പെടെയുള്ള വക കൾ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തിയതികളിൽ രാവിലെ 11 മണിക്ക് അതാത് റെയ്ഞ്ച് ഓഫീസുകളിൽ വച്ച് മൂന്നാർ വൈൽഡ്ലൈഫ് വാർഡനോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തുവിൽക്കുന്ന തായിരിക്കും. 01.11.2016 ൽ പ്രസിദ്ധീകരിച്ച 43 -ആം നമ്പർ കേരള ഗസറ്റിൽ വാല്യം-5-ൽ പ്രസിദ്ധീകരിച്ച ഇതര ലേല വ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) അവർകളുടെ 21.11.2015 തീയതിയിലെ പ്രൊ(4)-26243 നമ്പരായി 15.12.2012 ലെ 49ആം നമ്പർ കേരള ഗസറ്റ് വാല്യം-4 ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥ കൾക്കും അതാതു സമയത്ത് നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്. കൂടാതെ കാലാകാല ങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക്, എന്നിവ ലേലം ചെയ്യുന്നതിന് 20000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും മറ്റു തടികൾക്ക് 10000/- (പതിനായിരം രൂപ മാത്രം) രൂപയും മറ്റ് വന വിഭവങ്ങൾക്ക് 2000/- (രണ്ടാ യിരം രൂപ മാത്രം) രൂപയും നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വന വിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉത്പന്നങ്ങളുടെ/വനവിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ ലേല ക്കാർകണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിന് ശേഷം യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്ക് ദിവസ മായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്തും, സ്ഥലത്തും വെച്ച് നടത്തുന്നതാണ്.

1. വിജയിയായ ലേലക്കാരൻ ലേലം കഴിഞ്ഞയുടനെ ലേലം കൊണ്ട ഉൽപ്പന്ന ത്തിന്റെ മൊത്തം വില 20000/- രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. ലേലം കൊണ്ട ഉൽപ്പന്നത്തിന്റെ വില 20000/- രൂപയിൽ കൂടുതലാണെങ്കിൽ മൊത്തം ലേല തുകയുടെ 35% കുറഞ്ഞത് 20000/- രൂപയും കൂടിയത് 1,00,000/-രൂപയും എന്ന കണക്കിൽ ഇ-ട്രെഷറി മുഖേനയോ ദേശസാൽകൃത ബാങ്കിലോ നിഷ്കർഷിക്കപ്പെടുന്ന

ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. നിരതദ്രവ്യമായി അടച്ച തുക മേൽപ്പടി തുകയിൽ ഉൾപ്പെടുത്തുന്നതാണ്.

2. വിജയിയായ ലേലക്കാരൻ ലേലത്തുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കാവുന്നതുമായ തടിയുടെ അളവിന്റേയും രേഖപ്പെടുത്തിയ നിരക്കിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) മുഴുവൻ ലേലത്തുകയും വന വികസന നികുതിയും ചരക്ക് ,സേവന നികുതിയും ലേലം സ്ഥിരീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. മുഴുവൻ ലേലത്തുകയും 15 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12% പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി വൈൽഡ് ലൈഫ് വാർഡന് ദീർഘിപ്പിച്ചു നൽകുന്നതാണ്. 18% പിഴ പലിശയോടെ നിബന്ധനകൾക്ക് വിധേയമായി ബഹു.കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്റ്റർ (പ്രൊജക്റ്റ് ടൈഗർ) അവർകൾക്ക് വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അധികാരമുണ്ടായിരിക്കും. ദീർഘിപ്പിച്ച് നൽകുന്ന രണ്ട് കാലാവധിയ്ക്കുള്ളിലും മേൽപ്പറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ച്ച വരുത്തുന്ന പക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യവും മറ്റെല്ലാ ദ്രവ്യവും സർക്കാരിലേയ്ക്ക് കണ്ട്കെട്ടുന്നതും ലേലം റദ്ദാക്കുന്നതുമായിരിക്കും.

## പട്ടിക

| ക്രമ നം | റെയ്ഞ്ച് | 01/2025 | 02/2025 | 03/2025 | 04/2025 | 05/2025 | 06/2025 |
|---|---|---|---|---|---|---|---|
| 1 | ഇരവികുളം നാഷണൽ പാർക്ക് | 15 | 12 | 11 | 08 | 14 | 17 |
| 2 | ഷോല നാഷണൽ പാർക്ക് | 16 | 13 | 12 | 09 | 15 | 18 |
| 3 | ചിന്നാർ വന്യജീവി സങ്കേതം | 17 | 14 | 13 | 10 | 16 | 19 |

| ക്രമ നം | റെയ്ഞ്ച് | 07/2025 | 08/2025 | 09/2025 | 10/2025 | 11/2025 | 12/2025 |
|---|---|---|---|---|---|---|---|
| 1 | ഇരവികുളം നാഷണൽ പാർക്ക് | 16 | 12 | 16 | 14 | 12 | 17 |
| 2 | ഷോല നാഷണൽ പാർക്ക് | 17 | 13 | 17 | 15 | 13 | 18 |
| 3 | ചിന്നാർ വന്യജീവി സങ്കേതം | 18 | 14 | 18 | 16 | 14 | 19 |

കേരള ഗവർണ്ണർക്ക് വേണ്ടി
വൈൽഡ്‌ലൈഫ് വാർഡൻ
മൂന്നാർ